# പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5580 25.10.2011-ൽ മറുപടിയ്ക്ക്

## ടൂറിസം വികസനത്തിൽ പൊതു- സ്വകാര്യ-പഞ്ചായത്ത് പങ്കാളിത്തം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. കെ. ലതിക | **ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| (എ) ടൂറിസം വികസനത്തിന് പൊതു - സ്വകാര്യ -പഞ്ചായത്ത് പങ്കാളിത്തം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അതു സംബന്ധമായ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ബി) ഉത്തരവാദിത്ത ടൂറിസം നടപ്പാക്കുന്ന സ്ഥലങ്ങളിൽ ശക്തമായ പൊതു - സ്വകാര്യ - പഞ്ചായത്ത് പങ്കാളിത്തത്തോടെയുള്ള ടൂറിസം വികസനമാണ് ലക്ഷ്യമിടുന്നത്. ഇപ്പോൾ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനം നടക്കുന്നുണ്ടെങ്കിലും തദ്ദേശ നിവാസികളുടെ സഹകരണവും, പങ്കാളിത്തവും ഉറപ്പു വരുത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെക്കൂടി ടൂറിസം വികസനത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരേണ്ടതുണ്ട്. ഉത്തരവാദിത്ത ടൂറിസം പദ്ധതി നടത്തിപ്പിൽ ഇതിന് പ്രാമുഖ്യം നൽകുന്നുണ്ട്. തിരഞ്ഞെടുക്കപ്പെട്ട വിവിധ |

തദ്ദേശ സ്വയം ഭരണ പ്രദേശങ്ങളിൽ, കണ്ടെത്തപ്പെടാതെ കിടക്കുന്ന ടൂറിസം സാധ്യതകളുള്ള വിഭവങ്ങൾ കണ്ടെത്തുക, അവയെ വിവിധ ടൂറിസം വിഭവങ്ങൾ/ഉല്പന്നങ്ങൾ ആക്കി മാറ്റുന്നതിനുള്ള സാധ്യതകൾ ആരായുക, അടിസ്ഥാന സൗകര്യ-ങ്ങളുടെ ആവശ്യകത കണ്ടെത്തുക, ഇങ്ങനെ രൂപപ്പെടുന്ന പദ്ധതികളുടെ നിർവ്വഹണത്തിനായും നടത്തിപ്പി-നായും സാമ്പത്തിക സ്രോതസ്സു-കളായും സ്വകാര്യ മേഖല, സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങൾ / ഏജൻസി കൾ മുതലായവയെ കണ്ടെത്തുക മുതലായവ ലക്ഷ്യമിട്ടു കൊണ്ട് ''സപര്യപദ്ധതി" എന്ന പേരിൽ ഒരു ടൂറിസം പദ്ധതി, സർക്കാർ ആവിഷ്കരിക്കുകയും ടി.ആർ.കെ. എൽ വഴി നടപ്പിലാക്കി വരുകയും ചെയ്യുന്നുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കൂടി പങ്കാളിത്ത ത്തോടു കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

സെക്ഷൻ ഓഫീസർ